# ST. JOHNS L. P SCHOOL EZHACHERRY

# ACADEMIC MASTER PLAN

## 2025- 2026




Scanned with OKEN Scanner

| | |
|---|---|
| സ്കൂളിന്റെ പേര് | : സെന്റ് ജോൺസ് എൽ പി സ്കൂൾ ഏഴാച്ചേരി |
| സ്ഥാപിതം | : 23- 05 - 1916 |
| പഞ്ചായത്ത് | : രാമപുരം |
| വില്ലേജ് | : വെള്ളിലാപ്പള്ളി |
| ബ്ലോക്ക് | : ഉഴവൂർ |
| ജില്ല | : കോട്ടയം |
| ബി.ആർ. സി. | : രാമപുരം |
| സി. ആർ. സി. | : |
| സബ്ജില്ല | : രാമപുരം |
| വിദ്യാഭ്യാസ ജില്ല | : പാലാ |
| ഇ -മെയിൽ | : stjohnslpsezhacherry@gmail.com |
| പ്രധാനാധ്യാപികയുടെ പേര് | : സീന സ്കറിയ |
| മൊബൈൽ നമ്പർ | : 94 46 94 09 44 |



Poster Maker

Scanned with OKEN Scanner

# ഉള്ളടക്കം

1. ആമുഖം

2. വിദ്യാലയത്തിന്റെ ലഘുചരിത്രം, ലക്ഷ്യങ്ങൾ

3. വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

4. നിലവിലെ അവസ്ഥാവിശകലനം

5. മികവിനായി ഏറ്റെടുക്കേണ്ട - പ്രവർത്തനങ്ങൾ - ഒറ്റ നോട്ടത്തിൽ

6. പദ്ധതി വിശദാംശങ്ങൾ
(മേഖല, ഉപമേഖല, ലക്ഷ്യം, പഠനനേട്ടങ്ങൾ, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം)

7. അക്കാദമിക കലണ്ടർ

8. മോണിട്ടറിങ്

9. ഉപസംഹാരം

Scanned with OKEN Scanner

## ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൽ ക്രിയാത്മകമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. വ്യക്തിവികാസത്തിലൂടെ സമൂഹികപുരോഗതിയാണ് നാം ലക്ഷ്യം വയ്ക്കുന്നത്.

മികച്ചതും സുസ്ഥിരവുമായ ഭാവി കൈവരിക്കുന്നതിന് യു. എൻ. സുസ്ഥിരവികസനത്തിന്റെ സൂചികകളിൽ ഗുണനിലവാരമുള്ള വിദ്യാഭാസത്തിന് പ്രമുഖ പ്രാധാന്യം കൽപ്പിക്കുന്നു.എല്ലാവരെയും ഉൾക്കൊള്ളുന്നതും തുല്യതയുള്ളതുമായ ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും എല്ലാവരെയും ആജീവനാന്ത പഠനാവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയെന്നതാണ് ഇതിന്റെ ദൌത്യം. മേല്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഒപ്പം തന്നെ ഒന്നാം ക്ലാസിലേക്ക് വരുന്ന കുട്ടി മുന്നറിവുകൾ നേടി ധാരണകളും ശേഷികളും കൈവരിക്കേണ്ടവരാണ്. എന്നാൽ അവർക്ക് ലഭിക്കേണ്ടതായിട്ടുള്ള അറിവുകളും ധാരണകളും ശേഷികളും പൂർണ്ണതയിൽ അവർക്ക് ലഭിച്ചിട്ടില്ല. കോവിഡ് പ്രതിസന്ധികൾ ഒരു പരിധിവരെ അവരുടെ ശാരീരിക-മാനസിക-വികാസത്തിന് മങ്ങലേൽപ്പിച്ചിട്ടുണ്ട്. ഇത് പരിഹരിച്ചുകൊണ്ട് പുതിയ അദ്ധ്യായന വർഷത്തിൽ പ്രവർത്തനങ്ങൾ രൂപീകരിക്കുന്നതിന് അദ്ധ്യാപകൻ ശ്രദ്ധിക്കേണ്ടതുണ്ട്.

Scanned with OKEN Scanner

## ചരിത്രം

കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ ഏഴാച്ചേരി ഗ്രാമത്തിന്റെ തിലകക്കുറിയായി ശോഭിക്കുന്ന സെന്റ്. ജോൺസ് എൽ. പി.സ്കൂൾ ക്രിസ്തുവർഷം 23-05-1916-(കൊല്ലവർഷം 1091 ഇടവം 10) സ്ഥാപിതമായി. ഈ നാട്ടുകാരനായ പുതൊടിയിൽ ചെറിയത് മാപ്പിളയായിരുന്നു സ്കൂളിന്റെ ആദ്യ മാനേജർ. വൈക്കം സ്വദേശിയായ ശ്രീ അയ്യപ്പൻ നായരായിരുന്നു ആദ്യ പ്രഥമാദ്ധ്യാപകൻ. രണ്ടു ക്ലാസുകളോടെ ആരംഭിച്ച ഈ സ്കൂൾ 1921 ൽ അഞ്ച് ക്ലാസുകളോടെ എൽ. പി. സ്കൂളായി ഉയർത്തപ്പെട്ടു. 1928 ൽ ബഹുമാനപ്പെട്ട പുത്തൻപുരയ്ക്കൽ സ്കറിയാച്ചൻ ഈ സ്കൂളിന്റെ ഈ സ്കൂളിന്റെ മാനേജരായി നിയമിതനായി. ഈ കാലത്ത് ശ്രീ കെ. കെ. ദാനിയേൽ ഹെഡ്മാസ്റ്ററായിരുന്നു. 1954 മുതൽ പാലാ കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിൽ ഈ വിദ്യാലയം പ്രവർത്തിച്ചുവരുന്നു. 2005 ൽ ബഹു. വെള്ളാരംകുഴി അഗസ്റ്റിൻ അച്ചന്റെ കാലത്ത് ഈ സ്കൂളിന്റെ പൂർവ്വ വിദ്യാർഥിയായ റവ. ഫാ. അബ്രാഹാം കാവളക്കാട്ട് ഈ സ്കൂളിന് ഒരു രണ്ടുനിലക്കെട്ടിടം നിർമ്മിച്ച് നൽകി. പള്ളിമുറ്റത്ത് സ്കൂൾ പ്രവർത്തിച്ചിരുന്ന പഴയ സ്കൂൾ കെട്ടിടം പിന്നീട് പുതിയ സ്കൂൾ കെട്ടിടം ഇരിക്കുന്ന രീതിയിൽ മാറ്റി പുനഃസ്ഥാപിച്ചു.

സാക്ഷരതയിലും പ്രകൃതിഭംഗിയിലും സമ്പന്നമാണ് ഏഴാച്ചേരിയെന്ന കൊച്ചുഗ്രാമം. ഇവിടുത്തെ ആളുകൾ നൂറുശതമാനവും സാക്ഷരരാണ്. അനേകം ബിരുദക്കാരും ബിരുദാനന്തര ബിരുദക്കാരും ഗവേഷണ ബിരുദക്കാരും സമൂഹത്തിലെ ഉന്നത ജോലി മേഖലകളിൽ പ്രശോഭിക്കുന്ന അനേകം വ്യക്തികൾ ഈ നാട്ടിലുണ്ട്. ഈ നാടിന്റെ വളർച്ചയിലും ഉയർച്ചയിലും നൂറുവർഷം മുമ്പ് ഇവിടെ ആരംഭിച്ച പ്രൈമറി വിദ്യാലയം മുഖ്യ പങ്കു വഹിച്ചിട്ടുണ്ട്. ഭൌതികമായ പോരായ്മകൾ പരിഹരിച്ചും അക്കാദമിക മേഖലയിൽ കൂടുതൽ മികവ് നേടിയും സമൂഹത്തിന്റെ നാനാമേഖലയിലുമുള്ള എല്ലാവരുടെയും പിന്തുണയോടെയും ഈ വിദ്യാലയമുത്തശിയുടെ സർവ്വതോന്മുഖമായ പുരോഗതിയ്ക്കായി നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

Scanned with OKEN Scanner

## ലക്ഷ്യങ്ങൾ

- പ്രദേശത്തെ മുഴുവൻ കുട്ടികളുടെയും പ്രവേശനം വിദ്യാലയത്തിൽ ഉറപ്പാക്കൽ
- അതിന്നുതകും വിധം ഭൌതിക അക്കാദമിക മികവുകൾ സജ്ജമാക്കൽ.
- ഓരോ കുട്ടിയ്ക്കും ഗുണമേന്മാവിദ്യാഭ്യാസം ലഭിക്കുന്ന വിധം അക്കാദമിക പ്രവർത്തനങ്ങൾ ക്രമീകരിക്കുക.
- പൊതുസമൂഹത്തിന്റെ നിരന്തരശ്രദ്ധ വിദ്യാലയത്തിൽ ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുക.
- പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പൊതു ലക്ഷ്യങ്ങൾക്ക് അനുസൃതമായി പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് മികവ് നേടുക.

Scanned with OKEN Scanner

## 1. അവസ്ഥാവിശകലനം

### 1. എൻറോൾമെന്റ്

2025-2026 അക്കാദമിക വർഷത്തിൽ വിവിധ ക്ലാസുകളിലെ കുട്ടികളുടെ എണ്ണം

| വിഭാഗം | I | | II | | III | | IV | | Total | |
|---|---|---|---|---|---|---|---|---|---|---|
| | Boys | Girls | Boys | Girls | Boys | Girls | Boys | Girls | Boys | Girls |
| കുട്ടികളുടെ എണ്ണം | 3 | 0 | 1 | 1 | 1 | 2 | 0 | 2 | 5 | 5 |
| ആകെ | 3 | | 2 | | 3 | | 2 | | 10 | |

2024-2025 അക്കാദമിക വർഷത്തിൽ വിവിധ ക്ലാസുകളിലെ കുട്ടികളുടെ എണ്ണം

| വിഭാഗം | I | | II | | III | | IV | | Total | |
|---|---|---|---|---|---|---|---|---|---|---|
| | Boys | Girls | Boys | Girls | Boys | Girls | Boys | Girls | Boys | Girls |
| കുട്ടികളുടെ എണ്ണം | 1 | 1 | 1 | 2 | 0 | 2 | 1 | 2 | 3 | 7 |
| ആകെ | 2 | | 3 | | 2 | | 3 | | 10 | |

2023-2024 അക്കാദമിക വർഷത്തിൽ വിവിധ ക്ലാസുകളിലെ കുട്ടികളുടെ എണ്ണം

| വിഭാഗം | I | | II | | III | | IV | | Total | |
|---|---|---|---|---|---|---|---|---|---|---|
| | Boys | Girls | Boys | Girls | Boys | Girls | Boys | Girls | Boys | Girls |
| കുട്ടികളുടെ എണ്ണം | 1 | 4 | 1 | 3 | 4 | 1 | 5 | 2 | 11 | 10 |
| ആകെ | 5 | | 4 | | 5 | | 7 | | 21 | |

2022-2023 അക്കാദമിക വർഷത്തിൽ വിവിധ ക്ലാസുകളിലെ കുട്ടികളുടെ എണ്ണം

| വിഭാഗം | I | | II | | III | | IV | | Total | |
|---|---|---|---|---|---|---|---|---|---|---|
| | Boys | Girls | Boys | Girls | Boys | Girls | Boys | Girls | Boys | Girls |
| കുട്ടികളുടെ എണ്ണം | 1 | 2 | 1 | 4 | 1 | 2 | 4 | 1 | 7 | 9 |
| ആകെ | 3 | | 5 | | 3 | | 5 | | 16 | |

Scanned with OKEN Scanner

## 2.അധ്യാപകർ

നിലവിൽ സ്കൂളിൽ 4 അദ്ധ്യാപകരാണുള്ളത്. പ്രധാനാധ്യാപികയുടെ നേതൃത്വത്തിൽ സഹാദ്ധ്യാപകർ അക്കാദമിക-പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിലും മികച്ച രീതിയിൽ പ്രവർത്തിച്ച് കുട്ടികൾക്ക് പരിശീലനം നല്കുന്നു.ക്ലാസ് പി.ടി. എ.കൾ സജീവമാണ്.ഇതിലൂടെ രക്ഷിതാക്കളുമായി നല്ല രീതിയിൽ സംവാദം നടക്കുകയും അത് വഴി കുട്ടികളുടെ സമഗ്രവികാസം സംഭവിക്കുകയും ചെയ്യുന്നു.

## 3.വിദ്യാലയം - പൊതുവിശകലനം

വിദ്യാലയത്തിലെ കുട്ടികളിൽ ഭൂരിഭാഗവും സാമ്പത്തികമായി നല്ല നിലവാരം പുലർത്തുന്നവരല്ല.കൂടുതലും മാതാപിതാക്കൾ കൂലിപ്പണി ചെയ്യുന്നവരോ കർഷകരോ ആണ്.വിദ്യാലയവുമായി ഏത് അവസരത്തിലും ബന്ധപ്പെട്ട് പ്രവർത്തിക്കാനും സഹകരിക്കുവാനും താല്പരരാണ് അവർ.അത്തരം അവസരങ്ങൾ അവർ നല്ലവണ്ണം ഉപയോഗിക്കുന്നു.നിലവിലുള്ള സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി ഓരോ വർഷവും സാധിക്കുന്നിടത്തോളം നേട്ടങ്ങൾ കൈവരിക്കുന്നതിന് ഈ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്.കലാകായികശാസ്ത്രഗണിത ശാസ്ത്ര മേളകളിലെ സാന്നിധ്യവും ചെറുതെങ്കിലും വലുതായ നേട്ടങ്ങളും ഈ സ്കൂളിന്റെ അഭിമാനം തന്നെയാണ്.സർക്കാരിൽ നിന്നും ലഭിക്കേണ്ടതായിട്ടുള്ള ആനുകൂല്യങ്ങളും സഹായങ്ങളും അതാത് സമയങ്ങളിൽ കുട്ടികൾക്ക് ലഭ്യമാക്കാൻ ഞങ്ങൾ ശ്രമിക്കാറുണ്ട്.

Scanned with OKEN Scanner

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| ആകർഷണീയമായ ക്ലാസ് റൂമുകൾ | 4 | ഇനിയും ഒരു ക്ലാസ് മുറിയോ ഉള്ള ക്ലാസ് മുറി സ്മാർട്ട് ആക്കുകയോ വേണം |
| അടുക്കളയും ഡൈനിങ് ഹാളും | അടുക്കളയുണ്ട് | അടുക്കള ആധുനികവത്കരിക്കപ്പെടുകയും കുട്ടികൾക്ക് ഭക്ഷണം കഴിക്കാൻ ഒരു ഡൈനിങ് റൂം ഉണ്ടാവുകയും വേണം. |
| കുടിവെള്ള സൗകര്യം | കുഴൽക്കിണർ | ഇപ്പോൾ ഉള്ള വെള്ള ടാങ്ക് കുറച്ചു മാറിയാണ്. അത് സ്കൂളിനോട് അടുത്താവണം |
| കപ്യൂട്ടർ ലാബ് | ഇല്ല | കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ എണ്ണം കമ്പ്യൂട്ടറുകൾ വേണം |
| കളിസ്ഥലം | ഉണ്ട് | കൂടുതൽ കളിയുപകരണങ്ങൾ ആവശ്യമാണ്. |
| വാഹനം | ഇല്ല | സ്വന്തമായി വാഹനം ഉണ്ടാവേണ്ടതുണ്ട്. |



Scanned with OKEN Scanner

## പോരായ്മകൾ

സ്വന്തമായി വാഹനം ഇല്ലാത്തതാണ് കുട്ടികളുടെ എണ്ണത്തിലെ കുറവിന്റെ ഒരു കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.ഒരു എയ്ഡഡ് സ്ഥാപനം എന്നനിലയിൽ പരിമിതമായ സൗകര്യങ്ങളാണ് ഈ സ്കൂളിനുള്ളത്.ക്ലാസ്റൂമുകളും,സ്കൂളിന്റെ ചുററുപാടുകളും കുറെക്കൂടി ആകർഷകമാവണം.കൂടുതൽ മെച്ചപ്പെട്ട കളിസ്ഥലം,ഉച്ചഭക്ഷണം കഴിക്കാനുള്ള സ്ഥലം എന്നിവ ഒരു ആവശ്യമാണ്.കമ്പ്യൂട്ടർ പഠനം മെച്ചപ്പെടണം. പ്രി പ്രൈമറി വിഭാഗത്തിന് കൂടുതൽ ആകർഷണിയമായ ക്ലാസ് മുറികൾ വേണം. ഇതൊക്കെ ആവശ്യമായ സംഗതികളാണ്.

## 4. ഭൗതിക അന്തരീക്ഷം

## വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം

### നിലവിൽ ഭൗതികാന്തരീക്ഷം

### വിലയിരുത്തൽകുറിപ്പ്

ക്ലാസ് റൂം

നിലവിൽ 4 ക്ളാസുകളും ഒരു ഓഫീസും അടങ്ങുന്ന കെട്ടിടമുണ്ട്.പക്ഷെ പ്രീപ്രൈമറി കുട്ടികളെ പഠിപ്പിക്കുന്നതിനായി ഒരു ക്ളാസ് വിട്ടുകൊടുത്തിരിക്കുന്നതിനാൽ ഒരു ക്ലാസ് ഓഫീസ് റൂമിൽ ആണ് നടക്കുന്നത്.നിലവിൽ ഉള്ള ക്ളാസ് റൂമുകൾ സ്മാർട്ട് ക്ലാസ് റൂമുകളായി മാറുകയും പ്രീപ്രൈമറി കുട്ടികൾക്കായി ഒരു ക്ളാസ് റൂം കൂടിയെങ്കിലും ഉണ്ടാവുകയും വേണ്ടതുണ്ട്.

അടുക്കള

നിലവിലുള്ള അടുക്കള ആധുനികവൽക്കരിക്കപ്പെടുകയും കുട്ടികൾക്ക് ഇരുന്നു ഭക്ഷണം കഴിക്കുന്നതിനു ഒരു മുറിയുണ്ടാവുകയും വേണ്ടതുണ്ട്.

ടോയ്ലറ്റ്

നിലവിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം യൂറിനൽസും കുട്ടികൾക്കും അധ്യാപകർക്കും പ്രത്യേകം പ്രത്യേകം ടോയ് ലെറ്റും ഉണ്ട്.

കുടിവെള്ളം

ഇപ്പോൾ നിലവിൽ കുഴൽകിണറിൽ നിന്നുള്ള വെള്ളമാണ് സ്കൂളിൽ ഉപയോഗിക്കുന്നത്.സ്കൂൾ ആവശ്യങ്ങൾക്ക് വേണ്ടി മറ്റൊരു സംവിധാനം കണ്ടെത്തേണ്ടതുണ്ട്.

ചുറ്റുമതിൽ

സ്കൂളിന്റെ ചുറ്റുമതിൽ കമ്പിവേലികെട്ടിയിട്ടുണ്ട്.



Scanned with OKEN Scanner

സ്കൂളിന്റെ പുറം ഭിത്തികൾ കൂടുതൽ ആകർഷകമാക്കേണ്ടതുണ്ട്
ചിൽഡ്രൻസ് പാർക്ക്
കുട്ടികൾക്ക് വേണ്ടി കൂടുതൽ കളിയുപകരണങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്.

**5.അനുബന്ധ സംവിധാനങ്ങൾ**

1. എസ്.ആർ.ജി.

സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് തലത്തിൽ പഠനപ്രവർത്തനങ്ങൾ ഓരോ ആഴ്ച്ചയിലും ചർച്ച ചെയ്തു ആസൂത്രണം നടത്തിവരുന്നു.ഭാഷാപഠനത്തിന് ആവശ്യമായ പഠനപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിവരാറുണ്ട്.

2. പി.ടി.എ.

എല്ലാ മാസങ്ങളിലും കൃത്യമായി യോഗങ്ങൾ ചേരുന്നു. പി.ടി.എ/മദർ പി.ടി.എ യോഗങ്ങൾ ഒന്നായിട്ടാണ് ചേരുന്നത്.ഉച്ചഭക്ഷണം,പാഠ്യേതരപ്രവർത്തനങ്ങൾ അക്കാദമിക പ്രവർത്തനങ്ങൾ എന്നിവ കൃത്യമായി ചർച്ച ചെയ്യുന്നു.വർഷത്തിൽ മൂന്നോ അതിൽ കൂടുതലോ യോഗങ്ങൾ വിളിച്ചു ചേർക്കാറുണ്ട്.

3. ലൈബ്രറി

ഹെഡ് മാസ്റ്ററുടെ ഉത്തരവാദിത്വത്തിൽ ലൈബ്രറി നന്നായി സംരക്ഷിക്കപ്പെടുന്നു.ക്ലാസ് ടീച്ചർ വഴി കുട്ടികൾക്ക് പുസ്തകവിതരണം നടത്താറുണ്ട്.

4. ക്ലബ്ബുകൾ

കുട്ടികളുടെ എണ്ണത്തിലെ പരിമിതി നിമിത്തം ക്ലബ്ബുകൾ പൊതുവിലാണ് പ്രവർത്തിക്കുന്നത്. മേളകളിൽ സജീവ സാന്നിദ്ധ്യമുണ്ടാവാറുണ്ട്.

5. കംപ്യൂട്ടർ പരിശീലനം

ഒന്ന് മുതൽ നാലുവരെ കുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകാറുണ്ട്.അതാത് ക്ലാസ് ടീച്ചർ അതിനു മേൽനോട്ടം വഹിക്കുന്നു.കമ്പ്യൂട്ടറുകളുടെ കുറവും റിപ്പയർ ചെയ്യുന്നതിനുള്ള ഭാരിച്ച ചിലവും പ്രയാസം

SWOT ANALYSIS

1. Strength (ശക്തി)

ആത്മാർഥതയോടെ പ്രവർത്തിക്കുന്ന അധ്യാപകർ

അർപ്പണബോധത്തോടെയുള്ള പിടിഎ

പ്രശാന്തമായ സ്കൂൾ അന്തരീക്ഷം

മികച്ച ഉച്ചഭക്ഷണ വിതരണം മികച്ച

സാമൂഹിക ബന്ധം

2. Weakness (പരിമിതികൾ)

അദ്ധ്യാപകർക്ക് ആവശ്യമായ റഫറൻസ് പുസ്തകങ്ങൾ ഇല്ല.പാഠ്യപദ്ധതിക്ക് അനുയോജ്യമായ, കൂടുതൽ വിവരങ്ങൾ ശേഖരിക്കാൻ ഉതകുന്ന റഫറൻസ് പുസ്തകങ്ങൾ ലഭ്യമാക്കണം.

കലാകായിക വിഷയങ്ങളിൽ പ്രാവീണ്യമുള്ള അധ്യാപകർ ഇല്ല . അതിനാൽ ഈ മേഖലയിൽ കുട്ടികൾക്ക് ആവശ്യമായ പരിശീലനം നല്കാൻ ആവശ്യമായ പരിശീലകരെയും കായിക ഉപകരണങ്ങളും ലഭ്യമാക്കണം. നിലവിൽ എല്ലാ കുട്ടികൾക്കും പരിശീലനം നല്കുന്നതിനാവശ്യമായ(ആനുപാതികമായ)കമ്പ്യൂട്ടറുകളും പ്രൊജക്ടറുകളും നല്കണം.

കുട്ടികളുടെ രചനകൾ പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ ബോർഡുകൾ സ്ഥാപിക്കണം. കുട്ടികൾക്ക് ഒപ്പം അമ്മവായന പ്രോത്സാഹിപ്പിക്കണം.

ഗണിത-സയൻസ് കോർണറുകൾക്ക് ആവശ്യമായ സാമഗ്രികൾ ആവശ്യമാണ്.

ഭൌതികം

മെച്ചപ്പെട്ടസൌകര്യങ്ങളോട് കൂടിയ അടുക്കളയും,സ്റ്റോർ റൂമും കുട്ടികൾക്ക് ഭക്ഷണം കഴിക്കാനാവശ്യമായ ഡൈനിങ് ഹാളും ആവശ്യമാണ്.

ക്ലാസുകളിലേക്കും ഓഫീസിലേക്കും കൂടുതൽ മെച്ചപ്പെട്ട

Scanned with OKEN Scanner

സൃഷ്ടിക്കുന്നു.

6. ജൈവ പച്ചക്കറി കൃഷി

സ്കൂൾ പരിസരത്ത് തുടർച്ചയായി പച്ചക്കറി കൃഷി ചെയ്യാറുണ്ട്. പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന പച്ചക്കറി വിത്തുകൾ ഇതിനായി ഉപയോഗിക്കുന്നു.

7. സ്കൂൾ അസംബ്ലി

എല്ലാ ദിവസവും സ്കൂൾ അസംബ്ലി നടത്തിവരുന്നു. പത്രവായന, എക്സർസൈസ്, ജന്മദിന ആഘോഷം, എന്നിവ അസംബ്ലിയുടെ ഭാഗമാണ്

8. കലാ കായിക പരിശീലനം

കലാ-കായിക-പ്രവൃത്തിപരിചയ-ഗണിത മേളകളിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു.

9. സാമൂഹ്യ പങ്കാളിത്തം നിലവിലെ അവസ്ഥ

പി.ടി.എ.,മദർ പി.ടി.എ പ്രവർത്തനങ്ങൾ സജിവമാണ്.കൂടാതെ യുവജന സംഘടനകളും സ്കൂളുമായി ചേർന്ന് പ്രവർത്തിക്കുന്നു. വിദ്യാലയത്തിലേക്ക് ആവശ്യമായ കാര്യങ്ങളിൽ സഹകരിക്കുന്നതിൽ പൂർവ്വ വിദ്യാർഥികളും മുൻപന്തിയിലാണ്. പൊതുവിൽ വിദ്യാലയത്തോട് അനുകൂലമായ സമീപനം സമൂഹത്തിൽ പ്രകടമാണ്.

10. കുട്ടികളുടെ പഠനനിലവാരം

പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾ എല്ലാ ക്ലാസിലുമുണ്ട്. അടിസ്ഥാന ശേഷികൾ കൈവരിക്കുന്നതിന് പ്രത്യേകിച്ച് വായനയിലും എഴുത്തിലും മുന്നേറുന്നതിന് അതാത് ക്ലാസ് ടീച്ചർമാർ ശ്രദ്ധിക്കുന്നു. വായനാ കാർഡ്,ലൈബ്രറി പുസ്തകങ്ങൾ എന്നിവ ഇതിലേക്കായി ഉപയോഗിക്കുന്നു. മാതാപിതാക്കൾ ഇതിലേക്കായി കുട്ടികളെ നല്ലവണ്ണം പ്രോത്സാഹിപ്പിക്കുന്നുണ്ട്.



Scanned with OKEN Scanner

ഫർണ്ണിച്ചറുകൾ ആവശ്യമുണ്ട്.

എല്ലാ ക്ലാസ് മുറികളിലേക്കും കുടിക്കാനാവശ്യമായ ശുദ്ധജലം എത്തിക്കണം.

ലൈബ്രറിയ്ക്ക് ആവശ്യമായ പുസ്തകങ്ങളും അവ സൂക്ഷിക്കുന്നതിന് ആവശ്യമായ ഷെൽഫുകളും ഉണ്ടാവണം.ആവശ്യത്തിന് ശിശു സൌഹൃദ ക്ലാസ്മുറികൾ നിർമ്മിക്കുക.ഒപ്പം അവ സ്മാർട്ടാവേണ്ടതുണ്ട്

ഹൈ ടെക് ക്ലാസ് റൂമുകളാക്കി മാറ്റുന്നതിന് പ്രൊജക്ടറുകൾ ആവശ്യമാണ്. വിദ്യാലയമുറ്റത്ത് ആകർഷണീയമായ പൂന്തോട്ടം സജ്ജീകരിക്കണം.

കുട്ടികൾക്ക് വിക്ടേഴ്സ് ചാനൽ കാണുവാനുള്ള സംവിധാനം ഒരുക്കണം.

സ്കൂളിലേക്ക് വിഷരഹിത പച്ചക്കറികൾ ലഭിക്കുന്നതിന് പച്ചക്കറി തോട്ടം വിപുലപ്പെടുത്തണം. കുട്ടികളുടെ കാർഷിക പ്രവർത്തനങ്ങളിലെ പങ്കാളിത്തം ഉറപ്പാക്കുകയും വേണം.

## സാമൂഹികം

.അധ്യാപക രക്ഷാകർത്തൃ സമിതി,മാതൃ സമിതി എന്നിവ കൂടുതൽ ഊർജസ്വലമാക്കുക.

രക്ഷിതാക്കൾക്ക് ഉചിതമായ സമയത്ത് ബോധവൽകരണപരിപാടികൾ സംഘടിപ്പിക്കുക.

പൂർവ്വ വിദ്യാർഥികളുടെയും സാമൂഹ്യ-യുവജന സംഘടനകളുടെയും സേവനങ്ങളും സഹായങ്ങളും തേടുക.

വായനശാലകളുമായി ബന്ധപ്പെട്ട് ബാലവേദി രൂപീകരിക്കുക.

**3.Opportunity** (സാധ്യതകൾ)

പൊതുസമൂഹത്തിന് കൂടി പ്രയോജനപ്പെടുത്താവുന്ന ഓഡിറ്റോറിയം

വിദ്യാലയവികസനത്തിന് സ്പോൺസർഷിപ്പുകൾ

Scanned with OKEN Scanner

മികച്ച റഫറൻസ് ലൈബ്രറി
കളിസ്ഥലം,പാർക്ക്,പൂന്തോട്ടം എന്നിവയുടെ നിർമ്മാണം.

4. **Threats (ഭീഷണികൾ)**

സ്വകാര്യ ഇംഗ്ലീഷ് വിദ്യാലയങ്ങളോടുള്ള പൊതുസമൂഹത്തിന്റെ അഭിനിവേശം.ഇംഗ്ലീഷ് ഗവണ്മെന്റ് സ്കൂളുകൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എയ്ഡഡ് സ്കൂളുകൾക്ക് ലഭിക്കാത്ത അവസ്ഥ .

## വിദ്യാലയ വികസന കാഴ്ചപ്പാട് രേഖ (Vision Statement)

ഭൗതികവും അക്കാദമികവും സാമൂഹ്യപരവുമായ മേഖലകളിൽ വിദ്യാലയം കൈവരിച്ച മികവുകൾ നിലനിർത്തുകയും വ്യാപിപ്പിക്കുകയും ചെയ്യുന്നതിനൊപ്പം പഠന പിന്നോക്കാവസ്ഥ പരിഹരിക്കുകയും മാനേജ്മെന്റിന്റെയും മറ്റ് ഏജൻസികളുടെയും സഹായത്തോടെ ഭൗതിക സാഹചര്യങ്ങളും അക്കാദമിക സാഹചര്യങ്ങളും വികസിപ്പിക്കുകയും പ്രാദേശിക സമൂഹത്തിന്റെ പൊതുഇടമായി വിദ്യാലയത്തെമാറ്റിയെടുക്കുകയും ചെയ്യുക.

Scanned with OKEN Scanner

# പൊതുപ്രവർത്തനങ്ങൾ 2025-26

| പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| 1.സ്കൂളിൽ ഒരു പത്രം ക്ലാസിൽ 1 പത്ര മെങ്കിലും ലഭ്യമാക്കൽ | | 2025 ജൂൺ 2026 മാർച്ച് | പി.ടി.എ പി. ടി.എ/ സ്പോൺസർ ഷിപ്പ്/ പഞ്ചാ യത്ത് | സപോൺസർ ഷിപ്പ് 5000 |
| 2.ദിനാചരണത്തെ അടിസ്ഥാനമാക്കി ക്വിസ് | | 2025 ജൂൺ 2026 മാർച്ച് | അധ്യാപകർ | |
| 2.ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിൽ 2 ദിവസം ഇംഗ്ലീഷ് അസംബ്ലി നട ത്തുന്നു. | 2025 ജൂൺ 2026 മാർച്ച് | അധ്യാപകർ | |

# എസ്. ആർ. ജി. ശാക്തീകരണം

| പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| 1.ആസൂത്രണം | എസ്.ആർ.ജി.യോഗം ശക്തിപ്പെ ടുത്തൽ അവധി ക്കാല എസ്. ആർ.ജി പ്ലാനിങ്ങ് | മെയ് | എച്ച്.എം | |
| 2.അജണ്ട നിശ്ച യിക്കൽ ബി.പി.ഒ എ.ഇ.ഒ | എല്ലാ തിങ്കളാഴ്ച ക ളിലും നട ക്കുന്ന എസ്.ആർ.ജി യിലെ അജണ്ട മുൻകൂട്ടി തയ്യാറാക്കി വ്യാഴാഴ്ച അധ്യാപ കർക്ക് നൽകൽ | ജൂൺ - മാർച്ച് | എച്ച്.എം. എസ്.ആർ.ജി. കൺവീനർ | |
| 3.മോണിറ്ററിംഗ് | മിനുട്ട്സ്, തുടർ | മാർച്ച് | എസ്.ആർ.ജി | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | പ്രവർത്ത<br>ന<br>ങ്ങ<br>ളുടെ തെളിവുകൾ<br>എന്നിവ<br>കൃത്യമായി മാസത്തി<br>ലൊരി<br>ക്കൽ മോണിറ്ററിംഗ്<br>നടത്തൽ | | | |
| 4.അവലോകനം | മാർച്ച്<br>അവസാനവാരത്തിൽ<br>അധ്യയന വർഷത്തെ<br>പ്രവർത്തനങ്ങളുടെ<br>അവലോകനം | ജൂൺ-മാർച്ച് | എച്ച്.എം | |

## മോണിട്ടറിംഗ് രീതി

ഉദ്യോഗസ്ഥതലത്തിലുള്ള മോണിറ്ററിംഗ് സ്കൂൾതലം മുതൽ ശക്തമാക്കുന്നു.
സോഷ്യൽ മോണിട്ടറിംഗ് രീതി (പി.ടി.എ, എം.പി.ടി.എ, എസ്.ആർ.ജി, ഒ.എ
സ്.എ എന്നിവരെ ഉൾപെടുത്തി) നടപ്പിലാക്കുന്നു.
ദൈനംദിന മോണിട്ടറിംഗ് ഹെഡ്മാസ്റ്റർ, എസ്.ആർ.ജി കൺവീനർ, പി.ടി.എ
പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ നടത്തുന്നു.

Scanned with OKEN Scanner

## മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

### അക്കാദമികം

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് പഠന പരിപോഷണം
- ശാസ്ത്ര പോഷണ പരിപാടി
- വായന പരിപോഷണം
- ലൈബ്രറി ശാക്തീകരണം
- പ്രതിഭ പോഷണ പരിപാടി
- പഠനയാത്രകൾ
- ഔഷധ സസ്യത്തോട്ടം
- സെമിനാറുകൾ
- ഒന്നാം ക്ലാസ് ഒന്നാം തരം
- കലാ കായിക മേള
- ഐ ടി പരിശീലനം
- പച്ചക്കറിത്തോട്ടം
- പ്രവർത്തി പരിചയ പഠനം
- ടേം മൂല്യനിർണ്ണയം
- നിരന്തരവിലയിരുത്തൽ
- ദിനാചരണം
- കായിക പഠനം
- മെഡിക്കൽ ക്യാമ്പ്
- എസ് ആർ ജി ശാക്തീകരണം
- ക്ലാസ് പി ടി എ സജീവമാക്കൽ
- സ്കൂൾ മാസിക
- അഭിമുഖങ്ങൾ
- പോഷകാഹാരപരിപാടി
- ഗണിത ലാബ്
- ക്ലാസ് ലൈബ്രറി
- വർണപമ്പരം
- Spelling Top

Scanned with OKEN Scanner

## മേഖല : അക്കാദമികം 2025-26

| ഉപമേഖല : ഇംഗ്ലീഷ് | | | | | |
|---|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഭൗതികം | ചിലവ് സാമ്പത്തിക വിശകലനം |
| 1.എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കുവാനുമുള്ള ശേഷി വികസിപ്പിക്കൽ | പഠനനില കണ്ടെത്തൽ<br>പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ<br>ഇംഗ്ലീഷിലുള്ള അസംബ്ലി<br>ഒരു ദിവസം ഒരു ഭാഷ പരിപാടി<br>ക്ലാസ്സ് ലൈബ്രറി, വായന സാമഗ്രികൾ, ലഘു വായന പുസ്തകം, പത്രം, വായനക്കാർഡ്<br>ഭാഷാകേളികൾ<br>പതിപ്പുകൾ മാഗസിനുകൾ | ജൂൺ - മാർച്ച് നിരന്തരം | ക്ലാസ് ടീച്ചർ, ഇംഗ്ലീഷ് ടീച്ചർ, പ്രധാനാധ്യാപിക, എസ് ആർ ജി , പി ടി എ | ലൈബ്രറി പുസ്തക- ങ്ങൾ, പ്രൊജക്ടർ | DIET,PTA RS.1000/- |
| 2.ഇംഗ്ലീഷ് ഭാഷ പഠനത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണതയിൽ എത്തിക്കുക | സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്<br>ഡിക്ഷണറി നിർമ്മാണം<br>ഇംഗ്ലീഷിലുള്ള രചന മത്സരങ്ങൾ<br>ഹലോ ഇംഗ്ലീഷ് പ്രോഗ്രാം<br>ദിനാചരണങ്ങൾ<br>വിവിധ വ്യവഹാര രൂപങ്ങളുടെ അവതരണം | ജൂൺ - മാർച്ച് നിരന്തരം | ക്ലാസ് ടീച്ചർ, ഇംഗ്ലീഷ് ടീച്ചർ, പ്രധാനാധ്യാപിക, എസ് ആർ ജി , പി ടി എ | ലൈബ്രറി പുസ്തക- ങ്ങൾ, പ്രൊജക്ടർ | DIET, PTA, BRC |
| 3.കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഇംഗ്ലീഷ് ഭാഷ പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജിക്കുക | അക്ഷര കാർഡ് നൽകൽ<br>പദകാർഡ്<br>വാക്യക്കാർഡ്<br>പസിലുകൾ ,റിഡിൽസ്<br>അടിക്കുറിപ്പ് | ജൂൺ - ഡിസംബർ മധ്യം | ക്ലാസ് ടീച്ചർ, ഇംഗ്ലീഷ് ടീച്ചർ, പ്രധാനാധ്യാപിക, എസ് ആർ ജി , പി ടി എ | ലൈബ്രറി പുസ്തക ങ്ങൾ, പ്രൊജക്ടർ | DIET PTA BRC IED TRAINER |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| | ചിത്രം നോക്കി കഥ പറയൽ<br>ചിത്രം നോക്കി കഥ എഴുതൽ<br>പ്രൊജക്ടറിൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>കഥാപുസ്തകം നൽകൽ<br>ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ് | | ക്ലാസ്സ് ടീച്ചർ | | PTA,BRC. IED TRAINER |
| 4. ഇംഗ്ലീഷ് ഭാഷാ പഠനത്തിലെ അടിസ്ഥാന ആവശ്യങ്ങളിലും മനോഭാവങ്ങ-ളിലും പരിമിതിയുള്ള കുട്ടികളെ അതു മറികടക്കാൻ പിന്തുണ നൽകുക, മുന്നോക്കക്കാരെ കൂടുതൽ മികവിലേക്ക് നയിക്കുക. | അക്ഷരം ഉറപ്പിക്കൽ<br>ഇംഗ്ലീഷ് വാക്കുകൾ പരിശീലിപ്പിക്കുക<br>കേട്ടെഴുത്ത്<br>പുതിയ പദങ്ങൾ പരിചയപ്പെടുത്തൽ<br>വരികൾ കൂട്ടിച്ചേർക്കൽ<br>പസിൽസ്, റിഡിൽസ്<br>സംഭാഷണങ്ങൾ തയ്യാറാക്കൽ<br>Misspelt words ,Rearrange the words to make a meaningful sentences Spelling Top | ജൂൺ - ഫെബ്രുവരി മാസം | ക്ലാസ്സ് ടീച്ചർ, ഇംഗ്ലീഷ് ടീച്ചർ,പ്രധാനാധ്യാപിക,എസ് ആർ ജി, പി ടി എ | ലൈബ്രറി പുസ്തകങ്ങൾ, പ്രൊജക്ടർ E-content chart | DIET , PTA, BRC |
| 5.ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഇംഗ്ലീഷ് ഭാഷ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക | ഇംഗ്ലീഷ് ഉച്ചാരണം പരിചയപ്പെടുത്തൽ<br>ഇംഗ്ലീഷ് ഭാഷയിലുള്ള ആശയവിനിമയം പ്രോത്സാഹിപ്പിക്കൽ<br>സ്കിറ്റ് അവതരണം<br>ഗെയിംസ്<br>പൊതുവേദികളിൽ സംസാരിക്കാനുള്ള അവസരം നൽകുക<br>കാർട്ടൂൺ കാണിക്കുക | ജൂലൈ - ഫെബ്രുവരി മാസം | ക്ലാസ്സ് ടീച്ചർ, ഇംഗ്ലീഷ് ടീച്ചർ,പ്രധാനാധ്യാപിക,എസ് ആർ ജി, പി ടി എ | ലൈബ്രറി പുസ്തകങ്ങൾ, പ്രൊജക്ടർ E-content chart | DIET , PTA, |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| 6.ലോകഭാഷ എന്ന നിലയിൽ വായനയിലൂടെയുള്ള അറിവ് സ്വാംശീകരിക്കുന്നതിനുള്ള മാർഗമായ ഇംഗ്ലീഷ് ഭാഷയിൽ കഴിവ് നേടുക | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>വായന മൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>വായനോത്സവം സംഘടിപ്പിക്കൽ<br>പത്രവായന<br>പുസ്തക ചർച്ച<br>വായനാനുഭവം പങ്കുവയ്ക്കൽ<br>വായനാകുറിപ്പ് | ജൂൺ - മാർച്ച് ദീർഘം | ക്ലാസ്സ് ടീച്ചർ, ഇംഗ്ലീഷ് ടീച്ചർ,പ്രഥമാധ്യാപിക,എസ് ആർ ജി, പി ടി എ | ലൈബ്രറി പുസ്തകങ്ങൾ, പ്രൊജക്ടർ | BRC DIET PTA |

| മലയാളം | | | | | |
|---|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഭൗതികം | പിന്തുണ,സാമ്പത്തിക വിശകലനം |
| 1. എല്ലാ കുട്ടികൾക്കും മലയാളഭാഷ ഫലപ്രദമായി എഴുതാനും വായിക്കാനും സംസാരിക്കാനുള്ള ശേഷി വികസിപ്പിക്കൽ | പഠനനില കണ്ടെത്തൽ<br>പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ<br>മലയാളത്തിലുള്ള അസംബ്ലി<br>ഒരു ദിവസം ഒരു ഭാഷാ പരിപാടി<br>ക്ലാസ് ലൈബ്രറി, വായന സാമഗ്രികൾ, ലഘുവായന പുസ്തകം<br>പതിപ്പുകൾ, മാഗസിനുകൾ<br>മലയാളത്തിലുള്ള ഡയറിക്കുറിപ്പ്,വായനാ മൂല<br>സചിത്ര ബുക്ക് | ജൂൺ - മാർച്ച് ദീർഘം | ക്ലാസ്സ് ടീച്ചർ, ഇംഗ്ലീഷ് ടീച്ചർ,പ്രഥമാധ്യാപിക ,എസ് ആർ ജി, പി ടി എ | ലൈബ്രറി പുസ്തകങ്ങൾ, പ്രൊജക്ടർ | BRC, DIET, PTA സാമൂഹ്യപ്രവർത്തകർ RS1000/- |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| 2. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ് | ജൂലൈ - ഫെബ്രുവരി ഹ്രസ്വം | ക്ലാസ്സ് ടീച്ചർ, ഇംഗ്ലീഷ് ടീച്ചർ, പ്രഥമാധ്യാപിക,എസ് ആർ ജി, പി ടി എ | | BRC DIET PTA IED TRAINER |
| | അക്ഷരം ഉറപ്പിക്കൽ | | | | |
| | അടയാളം ഉറപ്പിക്കൽ | | | | |
| | അക്ഷരകാർഡ് നൽകൽ | | | | |
| | വാക്കുകൾ എഴുതിയ കാർഡ് | | | | |
| | വാക്കുകൾ നിർമിക്കുക | | | | |
| | ചിത്രം അടിക്കുറിപ്പ് | | | | |
| | ചിത്രം നോക്കി കഥ പറയൽ | | | | |
| | ചിത്രം നോക്കി കഥ എഴുതൽ | | | | |
| | കഥാപുസ്തകം നൽകൽ | | | | |
| | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ് | | | | |
| | വർണ്ണ പമ്പരം | | | | |
| 3. വായനയിലൂടെ അറിവ് സ്വാംശീകരിക്കുന്നതിനുള്ള ഉപാധി എന്ന നിലയിൽ മലയാളഭാഷയിൽ കഴിവ് നേടുക. | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ | ജൂലൈ - ജനുവരി മധ്യം | ക്ലാസ്സ് ടീച്ചർ, മലയാളം ടീച്ചർ, പ്രഥമാധ്യാപിക, പിടിഎ, എസ് ആർ ജി | ക്ലാസ്സ്,സ്കൂൾ ലൈബ്രറി, പുസ്തകങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ, സിഡി | BRC, DIET, SCERT, PTA, സാമൂഹിക പ്രവർത്തകർ |
| | വായന മൂല, ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ | | | | |
| | ക്ലാസ്സ് ലൈബ്രറി നവീകരിക്കൽ | | | | |
| | വായനോത്സവം സംഘടിപ്പിക്കൽ | | | | |
| | പത്ര വായന | | | | |
| | പുസ്തക ചർച്ച വായനാനുഭവം പങ്കുവെക്കൽ | | | | |
| | വായനാകുറിപ്പ് | | | | |
| | പതിപ്പ് | | | | |
| | വിദ്യാരംഗം കലാസാഹിത്യ വേദി | | | | |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| | സ്വന്തമായി വായനാ കാർഡ് തയ്യാറാക്കൽ | | മലയാളം ടീച്ചർ, പ്രഥമാധ്യാപിക, എസ് ആർ ജി | ജീവചരിത്ര പുസ്തകങ്ങൾ, ഗ്രന്ഥശാല, ഫോട്ടോകൾ, പുസ്തകങ്ങൾ | BRC, PTA, TEACHERS, ജനപ്രതിനിധികൾ |
| | വ്യക്തിഗത രചന സംഘരചന | | | | |
| | കവിതാരചന | | | | |
| | വിവിധ വ്യവഹാരരൂപങ്ങൾ അവതരണം | | | | |
| | രചയിതാക്കളെ പരിചയപ്പെടൽ | | | | |
| | എന്റെ കഥാബുക്ക് | | | | |
| | കടങ്കഥകൾ, അനുഭവങ്ങൾ, പത്രവാർത്ത | | | | |
| | കൈയെഴുത്തു മാസിക | | | | |
| | സചിത്ര നോട്ട്ബുക്ക് | | | | |

## ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തങ്ങൾ | കാലം | ചുമതല | ഭൗതികം | പിന്തുണ സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ഗണിതപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (ഗണിത വിജയം ) | പ്രീ ടെസ്റ്റ് | ജൂലൈ - മാർച്ച് ; ദീർഘം | കണക്ക് ടീച്ചർ, എസ് ആർ ജി | ഗണിത ലാബ്, ലൈബ്രറി പുസ്തകങ്ങൾ , INTERNET | DIET, PTA, BRC, RS.1000 |
| | സംഖ്യകൾ ഉറപ്പിക്കൽ | | | | |
| | ചിഹ്നങ്ങൾ ഉറപ്പിക്കൽ | | | | |
| | സംഖ്യാകാർഡുകൾ നൽകൽ | | | | |
| | സംഖ്യാ ചിത്രങ്ങൾ | | | | |
| | സ്ഥാനവില ഉറപ്പിക്കൽ | | | | |
| | അബാക്കസ് | | | | |
| | ഗണിത കേളികൾ | | | | |
| | സംഖ്യാ ചക്രങ്ങൾ | | | | |
| | സംഖ്യാ പാറ്റേൺ നിർമ്മാണം | | | | |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| | നോട്ടുകളും നാണയങ്ങളും ശേഖരിക്കൽ, ക്ലോക്ക് നിർമ്മാണം | | | | |
| | മീറ്റർ സ്കെയിൽ | | | | |
| | ത്രാസ് | | | | |
| | ഗണിത പഠനത്തിനാവശ്യമായ ഗണിത റഫറൻസ് ബുക്കുകൾ, വർക്കിംഗ് മോഡലുകൾ, ഗണിത ചിത്രങ്ങൾ ഇവ ശേഖരിക്കൽ | | | | |
| | ടാൻഗ്രാം നിർമ്മാണം | | | | |
| 4 ഗണിത ശാസ്ത്ര പ്രതിഭാ പുരസ്കാരം | ഗണിത ശാസ്ത്ര പഠനത്തിൽ മികവ് തെളിയിച്ച കുട്ടികളെ കണ്ടെത്തി സമ്മാനം നൽകുന്നു | ഫെബ്രുവരി-മാർച്ച് ഹ്രസ്വം | HM, Staff | സമ്മാനങ്ങൾ | P.T.A H.M |

| | | | | | |
|---|---|---|---|---|---|
| | കൾ ഉറപ്പിക്കൽ<br>വർക്ക് ഷീറ്റുകൾ, സംഖ്യാ ഗാനങ്ങൾ<br>സമയം, കലണ്ടർ അളവുകൾ- ഇവയിൽ അറിവു നൽകൽ<br>ജ്യാമിതീയ രൂപങ്ങൾ- ധാരണ നൽകൽ | | | | |
| 2.ഗണിത ക്ലബ്ബിലൂടെ ഗണിതപഠനം രസകരമാക്കൽ | യുക്തി ചിന്ത വളർത്തൽ<br>ഗണിത ക്വിസ്<br>ഗണിത പസിൽസ്<br>പ്രായോഗിക പ്രശ്നങ്ങളുടെ പരിഹരണം<br>ഗണിത പ്രാധാന്യമുള്ള ദിനങ്ങളുടെ ആചരണം<br>ഗണിത പ്രോജക്ടുകൾ ഏറ്റെടുത്തു നടത്തൽ<br>ഗണിത ശാസ്ത്രജ്ഞരുടെ ജീവചരിത്രങ്ങൾ അസംബ്ലിയിൽ പരിചയപ്പെടുത്തൽ | ഒക്ടോബർ- ജനുവരി മധ്യം<br>(3 മാസത്തിലൊരിക്കൽ)<br>ജൂലൈ- ഡിസംബർ (മാസത്തിലൊരിക്കൽ) | പ്രഥമാധ്യാപിക, കണക്ക് ടീച്ചർ, എസ്.ആർ.ജി, പി.ടി.എ | ഗണിത ലാബ്, ലൈബ്രറി പുസ്തകങ്ങൾ, ഇന്റർനെറ്റ് | BRC, DIET, അധ്യാപകർ |
| 3.ഗണിതലാബ് പരിപോഷിപ്പിക്കൽ | പഠനോപകരണ നിർമ്മാണം<br>രൂപങ്ങളും വസ്തുക്കളും ശേഖരിക്കൽ<br>അളവു പാത്രങ്ങൾ നിർമ്മാണം, ശേഖരണം<br>സ്ഥാനവില പോക്കറ്റ് | ജനുവരി മാർച്ച് ഹ്രസ്വം | പ്രഥമാധ്യാപിക, കണക്ക് ടീച്ചർ, എസ്.ആർ.ജി, പി.ടി.എ | ഗണിത ലാബ്, ലൈബ്രറി പുസ്തകങ്ങൾ, ഇന്റർനെറ്റ് | BRC, DIET, PTA |

Scanned with OKEN Scanner

| ഉപമേഖല: ശാസ്ത്ര പഠനം | | | | | |
|---|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഭൗതികം | പിന്തുണ, സാമ്പത്തിക വിശകലനം |
| 1. പരിസര പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും, പഠന നേട്ടമുറപ്പാക്കുന്നതിനും, എല്ലാ ക്ലാസ്സിലും ശാസ്ത്രമൂല ഉറപ്പാക്കൽ. | പഠനത്തിൽ സഹായകമായ ശാസ്ത്രമൂലയിൽ ഉണ്ടായിരിക്കേണ്ട മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ<br>തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവ, ക്ലാസ്സിൽ സൂക്ഷിക്കേണ്ടവ, ലാബിൽ സൂക്ഷിക്കേണ്ടവ എന്ന് തരം തിരിക്കൽ. ശാസ്ത്രമൂലയിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങൾ, ഉപായും നടത്തേണ്ട പരീക്ഷണങ്ങൾ എന്നിവയും ഉൾപ്പെടുത്തി പ്രിന്റ് ചെയ്യൽ<br>സാമഗ്രികൾ വാങ്ങൽ<br>പി.ടി.എ.യോഗത്തിൽ ശാസ്ത്രമൂല സംബന്ധിച്ച അവതരണം, സാമഗ്രികളുടെ ശേഖരണം<br>ശാസ്ത്രസാഹിത്യ പുസ്തകങ്ങൾ ക്ലാസ് നിലവാരത്തിനുള്ളത് വാങ്ങൽ<br>സ്കൂൾ ലാബ് സജ്ജമാക്കൽ, ക്ലാസ്സ് മുറി | ജൂൺ-മാർച്ച്<br>ദീർഘം | അധ്യാപകർ<br>എച്ച്.എം., എസ്.ആർ.ജി കൺവീനർ, പി.ഇ.സി. | ശാസ്ത്രമൂല, ലാബ്, ലൈബ്രറി, പത്രമാസികകൾ, പുസ്തകങ്ങൾ, ഇന്റർനെറ്റ് | B.R.C, Panchayath Rs.10000/- |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| | യിൽ സൂക്ഷിക്കുവാൻ കഴിയാത്ത സാമഗ്രികൾ, ഫോം, ഏത് ക്ലാസ്സിൽ ഉപയോഗിക്കുന്നവ എന്നിങ്ങനെ ലിസ്റ്റ് തയ്യാറാക്കൽ<br>ശാസ്ത്രമുറി ക്രമീകരിക്കാൻ ആവശ്യമായ ക്രമീകരണം<br>ഒന്നുമുതൽ നാലുവരെ ക്ലാസ്സിലെ ചെറുതും വലുതുമായ പരീക്ഷണങ്ങൾ ചെയ്ത് പരിശീലിക്കൽ | ജൂൺ- മാർച്ച്<br>ദീർഘം | എച്ച്.എം., എസ്.ആർ.ജി കൺവീനർ, പി.ഇ.സി. | ശാസ്ത്രമൂല, ലാബ്, ലൈബ്രറി, പത്രമാസികകൾ, പുസ്തകങ്ങൾ, ഇന്റർനെറ്റ് | B.R.C, Panchayath |
| 2. ശാസ്ത്ര പഠനത്തിൽ താത്പര്യം വളർത്തുക | ഔഷധത്തോട്ട പ്രവർത്തനങ്ങൾ<br>ശാസ്ത്രപുസ്തകങ്ങൾ<br>ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ<br>ശാസ്ത്ര ടിപ്പുകൾ | മധ്യം | പി.ടി.എ, എച്ച്.എം. ചുമതലപ്പെടുത്തുന്ന അധ്യാപകർ | ശാസ്ത്രമൂല, ലാബ്, പുസ്തകങ്ങൾ, ലൈബ്രറി, Projector | MLA Fund Rs. 25000/- |
| 3. ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണ നിരീക്ഷണങ്ങൾ<br>ഔഷധത്തോട്ട പ്രവർത്തനങ്ങൾ<br>ശാസ്ത്ര പതിപ്പുകൾ<br>ദിനാചരണങ്ങൾ, ശാസ്ത്ര ഉപകരണങ്ങളുടെ പ്രവർത്തന വിശദീകരണം | മധ്യം | എച്ച്.എം., എസ്.ആർ.ജി കൺവീനർ, ക്ലാസ്സ് അധ്യാപകർ, പി.ഇ.സി. | ശാസ്ത്രമൂല, ലാബ്, ലൈബ്രറി, പത്രമാസികകൾ, പുസ്തകങ്ങൾ, ഇന്റർനെറ്റ് | B.R.C, P.T.A |
| 4. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കുവാനുള്ള അനുഭവം ഒരുക്കുക | ക്വിസ് പ്രോഗ്രാമുകൾ<br>ഔഷധ മരുന്നുകൾ നിർമിക്കൽ | ഹ്രസ്വം | എച്ച്.എം., എസ്.ആർ.ജി കൺവീനർ, ക്ലാസ്സ് അധ്യാപകർ | ശാസ്ത്രമൂല, ലാബ്, ലൈബ്രറി, പത്രമാസി | B.R.C, P.T.A |

| | | | | | |
|---|---|---|---|---|---|
| | വിത്തുകൾ ശേഖരിച്ചു കൈമാറ്റം | | പി ഇ സി | കഥകൾ പുസ്തകങ്ങൾ INTERNET | |
| | ഔഷധസസ്യ ശേഖരണം | | | | |
| | പരീക്ഷണ നിരീക്ഷണങ്ങൾ | | | | |
| | ശാസ്ത്രോപകരണങ്ങളുടെ പ്രവർത്തന വിശദീകരണം | | | | |
| | വീട്ടിൽ ഒരു പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം | | | | |
| | മികച്ചതിനെ പ്രോത്സാഹിപ്പിക്കൽ | | | | |
| 5. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ ശാസ്ത്ര പഠനത്തിൽ | ഇന്റർനെറ്റ് ഉപയോഗിച്ചുള്ള ക്ലാസുകൾ | ദീർഘം | ക്ലാസ് ടീച്ചർ, പ്രധാനാധ്യാപിക, എസ് ആർ ജി, പി ഇ സി | LCD Projector | MP FUND PTA Management Rs.40000/- |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| | സ്വന്തമായി വായനാ കാർഡ് തയ്യാറാക്കൽ<br>വ്യക്തിഗത രചന സംഘരചന<br>കവിതാരചന<br>വിവിധ വ്യവഹാരരൂപങ്ങൾ അവതരണം<br>രചയിതാക്കളെ പരിചയപ്പെടൽ<br>എന്റെ കഥാബുക്ക്<br>കടങ്കഥകൾ, അനുഭവങ്ങൾ, പത്രവാർത്ത<br>കൈയെഴുത്തു മാസിക<br>സചിത്ര നോട്ട്ബുക്ക് | | മലയാളം ടീച്ചർ, പ്രധാനാധ്യാപിക, എസ് ആർ ജി | ജീവചരിത്ര പുസ്തകങ്ങൾ, ഗ്രന്ഥശാല, ഫോട്ടോകൾ, പുസ്തകങ്ങൾ | BRC, PTA, TEACHERS, ജനപ്രതിനിധികൾ |

| ഉപമേഖല : ഗണിതം | | | | | |
|---|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഭൗതികം | പിന്തുണ സാമ്പത്തിക വിശകലനം |
| ഗണിതപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (ഗണിത വിജയം ) | പ്രീ ടെസ്റ്റ്<br>സംഖ്യകൾ ഉറപ്പിക്കൽ<br>ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>സംഖ്യാകാർഡുകൾ നൽകൽ<br>സംഖ്യാ ചിത്രങ്ങൾ<br>സ്ഥാനവില ഉറപ്പിക്കൽ<br>അബാക്കസ്<br>ഗണിത കേളികൾ<br>സംഖ്യാ ചക്രങ്ങൾ<br>സംഖ്യാ പാറ്റേൺ നിർമ്മാണം | ജൂലൈ - മാർച്ച് ദീർഘം | കണക്ക് ടീച്ചർ, എസ് ആർ ജി | ഗണിത ലാബ്, ലൈബ്രറി പുസ്തകങ്ങൾ . INTERNET | DIET, PTA, BRC, RS.1000 |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| | പ്രവർത്തനം<br>ക്ലാസ് സഭ സ്കൂൾ സഭ, ബാലസഭ, ദിനാചരണങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>E-വായന<br>വായന സാമഗ്രികൾ വികസിപ്പിക്കൽ<br>വായനോത്സവം<br>റീഡേഴ്സ് തിയേറ്റർ<br>പാട്ടരങ്ങ്<br>പ്രഭാത സർഗ്ഗവേള<br>കാവ്യോത്സവം | ---------- | | ---- | PTA, TEACHERS |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | പുസ്തക ചർച്ച<br>ക്ലാസ് ലൈബ്രറി<br>വായനക്കുറിപ്പ്<br>പതിപ്പ് തയാറാക്കൽ<br>രചനാ പരിചയക്കുറിപ്പ്<br>വായനാക്കുറിപ്പ്<br>ബാലസഭ<br>പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>സംയുക്ത ഡയറി<br>സർഗാത്മക ഡയറി<br>പഠനച്ചെപ്പ് | ജൂൺ -മാർച്ച്<br>ദീർഘം | മലയാളം ടീച്ചർ, എസ് ആർ ജി | ലൈബ്രറി | BRC, DIET |
| | | | പ്രഥമാധ്യാപിക, മലയാളം ടീച്ചർ, എസ് ആർ ജി | പുസ്തകങ്ങൾ | SCERT PTA |

Scanned with OKEN Scanner

# പ്രവർത്തനങ്ങൾ – ക്രോഡീകരണം

| മലയാളം | | |
|---|---|---|
| **ഹ്രസ്വം** | **മധ്യം** | **ദീർഘം** |
| 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷരകാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. ചിത്രം - അടിക്കുറിപ്പ്<br>8. ചിത്രം നോക്കി - കഥ പറയൽ<br>9. ചിത്രം നോക്കി - കഥ എഴുതൽ<br>10. കഥാപുസ്തകം നൽകൽ<br>11. സി.ഡി യിൽ ഒരു പുസ്തകം നൽകി വാക്യങ്ങൾ എഴുതൽ<br>12. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ് | 1. ക്ലാസ്സ് വായനാക്കൂട്ടം രൂപീകരിക്കൽ<br>2. വായനാമൂല, ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ<br>3. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്ര വായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം പങ്കുവെക്കൽ<br>8. വായനാകുറിപ്പ്<br>9. പതിപ്പ്<br>10. വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനങ്ങൾ<br>11. ക്ലാസ് സഭ, സ്കൂൾ സഭ, ബാലസഭ<br>12. ദിനാചരണങ്ങൾ<br>13. E- വായന<br>14. ആനുകാലിക പ്രസിദ്ധീകരണങ്ങ ളും വായനയും<br>15. ആസ്വാദ്യകരമായ വായന<br>16. വായനാ സാമഗ്രികൾ വികസിപ്പിക്കൽ<br>17. പുസ്തകം ഒരുക്കൽ<br>18. വായനാക്കൂട്ടം<br>19. മോണിറ്ററിംഗ്<br>20. കാവ്യക്കൂട്ടം | 1. പഠനനില കണ്ടെത്തൽ<br>2. പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് - വർണപമ്പരം<br>3. മലയാളത്തിലുള്ള അസംബ്ലി<br>4. ക്ലാസ് ലൈബ്രറി<br>5. വായനാ സാമഗ്രികൾ<br>6. ലഘുവായനാ പുസ്തകം<br>7. പതിപ്പുകൾ<br>8. മാഗസിനുകൾ<br>9. മലയാളത്തിലുള്ള ഡയറികുറിപ്പ്<br>10. വായനാമൂല തയ്യാറാക്കൽ<br>11. പുസ്തക ചർച്ച<br>12. ക്ലാസ് ലൈബ്രറി<br>13. വായനാ കുറിപ്പ് പതിപ്പ്<br>14. കൈയെഴുത്തുമാസിക<br>15. സർഗ്ഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>16. വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്<br>17. ബാലസഭ, കടംകഥകൾ<br>18. പൊതുവേദികളിൽ സംസാരിക്കാനുള്ള അവസരം<br>19. കവിതാ രചന രചയിതാക്കളെ പരിചയപ്പെടൽ<br>20. പത്ര വാർത്ത<br>21. സചിത്ര ബുക്ക്<br>22. സർഗാത്മക ഡയറി<br>23. വായനോത്സവം<br>24. കാവ്യോത്സവം |



Scanned with OKEN Scanner

| ഗണിതം | | |
|---|---|---|
| ഹ്രസ്വം | മധ്യം | ദീർഘം |
| 1. പഠനോപകരണ നിർമ്മാണം | 1. പ്രായോഗിക പ്രശ്നങ്ങളുടെ പരിഹരണം | 1. പ്രീടെസ്റ്റ് |
| 2. രൂപങ്ങളും വസ്തുക്കളും ശേഖരിക്കൽ | 2. ഗണിത പ്രാധാന്യമുള്ള ദിനങ്ങളുടെ ആചരണം | 2. സംഖ്യകൾ ഉറപ്പിക്കൽ |
| 3. അളവു പാത്രങ്ങൾ നിർമ്മാണം, ശേഖരണം | 3. ഗണിത പ്രോജക്ടുകൾ ഏറ്റെടുത്തു നടത്തൽ | 3. ചിഹ്നങ്ങൾ ഉറപ്പിക്കൽ |
| 4. സ്ഥാനവില പോക്കറ്റ് | 4. ഗണിത ശാസ്ത്രജ്ഞരുടെ ജീവചരിത്രങ്ങൾ അസംബ്ലിയിൽ പരിചയപ്പെടുത്തൽ | 4. സംഖ്യാ കാർഡുകൾ നൽകൽ |
| 5. നോട്ടുകളും, നാണയങ്ങളും ശേഖരിക്കൽ | | 5. സംഖ്യാ ചിത്രങ്ങൾ |
| 6. ക്ലോക്ക് നിർമ്മാണം | | 6. സ്ഥാനവില ഉറപ്പിക്കൽ |
| 7. മീറ്റർ സ്കെയിൽ | | 7. അബാക്കസ് |
| 8. ത്രാസ് | | 8. ഗണിതകളികൾ |
| 9. ഗണിതപഠനത്തിന് ആവശ്യമായ ഗണിത റഫറൻസ് ബുക്കുകൾ,വർക്കിംഗ് മോഡലുകൾ, ഗണിത ചിത്രങ്ങൾ ഇവ ശേഖരിക്കൽ | | 9. ഗണിതത്തിൽ പിന്നോക്കം നിൽക്കുവർക്ക് പ്രത്യേക ക്ലാസ് |
| 10. ടാൻഗ്രാം നിർമ്മാണം | | 10. ചതുഷ്ക്രിയകൾ ഉറപ്പിക്കൽ |
| 11. ഗണിത ശാസ്ത്ര പഠനത്തിൽ മികവു തെളിയിച്ച കുട്ടികളെ കണ്ടെത്തി സമ്മാനം നൽകുന്നു. | | 11. വർക്ക്ഷീറ്റുകൾ |
| | | 12. സംഖ്യാഗാനങ്ങൾ |
| | | 13. സമയം, കലണ്ടർ അളവുകൾ ഇവയിൽ അറിവു നൽകൽ |
| | | 14. ജ്യാമിതീയ രൂപങ്ങൾ ധാരണ നൽകൽ |
| | | 15. യുക്തിചിന്ത വളർത്തൽ |
| | | 16. ഗണിത ക്വിസ് |
| | | 17. ഗണിത പസിൽസ് |

Scanned with OKEN Scanner

| ഇംഗ്ലീഷ് | | |
|---|---|---|
| ഹ്രസ്വം | മധ്യം | ദീർഘം |
| 1. അക്ഷരം ഉറപ്പിക്കൽ<br>2. മിസ്സിങ് വാക്കുകൾ പരിശീലിപ്പിക്കുക<br>3. കേട്ടെഴുത്ത്.<br>4. പുതിയ പദങ്ങൾ പരിചയപ്പെടുത്തൽ<br>5. വരികൾ കൂട്ടിച്ചേർക്കൽ<br>6. പസ്സിൽസ്<br>7. സംഭാഷണങ്ങൾ തയ്യാറാക്കൽ<br>8. ഇംഗ്ലീഷ് ഭാഷയിലുള്ള ആശയവിനിമയം പ്രോത്സാഹിപ്പിക്കൽ<br>9. ഇംഗ്ലീഷ് ഉച്ചാരണം പരിചയപ്പെടുത്തൽ<br>10. കാർട്ടൂണുകൾ കാണിക്കുക<br>11. സ്കിറ്റ് അവതരണം<br>12. ഗെയിംസ്<br>13. പൊതുവേദികളിൽ സംസാരിക്കാനുള്ള അവസരം നൽകുന്നു.<br>14. ക്ലാസ്സ് വായനാക്കൂട്ടം രൂപീകരിക്കൽ | 1. അക്ഷര കാർഡ് നൽകൽ<br>2. വാക്കുകൾ എഴുതിയ കാർഡ്<br>3. വാക്കുകൾ നിർമ്മിക്കുക<br>4. ചിത്രം- അടിക്കുറിപ്പ്<br>5. ചിത്രം നോക്കി കഥ പറയൽ<br>6. ചിത്രം നോക്കി കഥ എഴുതൽ<br>7. കഥാപുസ്തകം നൽകൽ<br>8. സി.ഡി.യിൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>9. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ്<br>10. ക്ലാസ്സ് വായനാക്കൂട്ടം രൂപീകരിക്കൽ | 1. പഠന നില കണ്ടെത്തൽ<br>2. പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനപാക്കേജ് തയ്യാറാക്കൽ<br>3. ഇംഗ്ലീഷിലുള്ള അസംബ്ലി<br>4. ഒരു ദിവസംഒരു ഭാഷാ പരിപാടി<br>5. ക്ലാസ്സ് ലൈബ്രറി<br>6. വായനാ സാമഗ്രികൾ<br>7. ലഘുവായനാ പുസ്തകം,പത്രം<br>8. പതിപ്പുകൾ<br>9. മാഗസിനുകൾ<br>10. സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ്<br>11. ഡിക്ഷണറി നിർമ്മാണം<br>12. ഇംഗ്ലീഷിലുള്ള രചനാ മത്സരങ്ങൾ<br>13. ഹലോ ഇംഗ്ലീഷ് പ്രോഗ്രാം<br>14. ദിനാചരണങ്ങൾ<br>15. ക്ലാസ്സ് വായനാക്കൂട്ടം രൂപീകരിക്കൽ<br>16. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>17. വായനമൂല, ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ<br>18. വായനോത്സവം സംഘടിപ്പിക്കൽ<br>19. പത്രവായന<br>20. ഓരോ ടേമിലും കുട്ടികളെ കുറിച്ചുള്ള സിനിമ<br>21. പുസ്തക ചർച്ച<br>22. വായനാനുഭവം പങ്കുവെയ്ക്കൽ<br>23. വായനാക്കുറിപ്പ് |

Scanned with OKEN Scanner

| ശാസ്ത്ര പഠനം | | |
|---|---|---|
| ഹ്രസ്വം | മധ്യം | ദീർഘം |
| 1. ക്വിസ് പ്രോഗ്രാമുകൾ<br>2. ഔഷധ മരുന്നുകൾ നിർമ്മിക്കൽ<br>3. പരീക്ഷണ നിരീക്ഷണങ്ങൾ<br>4. വീട്ടിൽ ഒരു പച്ചക്കറിത്തോട്ടം<br>5. മികച്ചതിനെ പ്രോത്സാഹിപ്പിക്കൽ | 1. ഔഷധത്തോട്ട പ്രവർത്തനങ്ങൾ<br>2. ശാസ്ത്രപുസ്തകങ്ങൾ<br>3. ശാസ്ത്രജ്ഞൻമാരെ പരിചയപ്പെടുത്തൽ<br>4. ശാസ്ത്ര ടിപ്പുകൾ<br>5. പരീക്ഷണ നിരീക്ഷണങ്ങൾ<br>6. ശാസ്ത്ര പതിപ്പുകൾ<br>7. ദിനാചരണങ്ങൾ | 1. പഠനത്തിൽ സഹായകമായ ശാസ്ത്രമൂലയിൽ ഉണ്ടായിരിക്കേണ്ട മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ<br>2. തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവ, ക്ലാസ്സിൽ സൂക്ഷിക്കേണ്ടവ, ലാബിൽ സൂക്ഷിക്കേണ്ടവ എന്നിങ്ങനെ തരം തിരിക്കൽ.<br>3. ശാസ്ത്രമൂലയിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങൾ, ഉറപ്പായും നടത്തേണ്ട പരീക്ഷണങ്ങൾ എന്നിവയും ഉൾപ്പെടുത്തി പ്രിന്റ് ചെയ്യൽ<br>4. സാമഗ്രികൾ വാങ്ങൽ<br>5. പി.ടി.എ.യോഗത്തിൽ ശാസ്ത്രമൂല സംബന്ധിച്ച അവതരണം<br>6. സാമഗ്രികളുടെ ശേഖരണം<br>7. ശാസ്ത്രസാഹിത്യ പുസ്തകങ്ങൾ ക്ലാസ്സ് നിലവാരത്തിനുള്ളത് വാങ്ങൽ<br>8. സ്കൂൾ ലാബ് സജ്ജമാക്കൽ<br>9. ക്ലാസ്സ് മുറിയിൽ സൂക്ഷിക്കുവാൻ കഴിയാത്ത സാമഗ്രികൾ പാഠം ഏത് ക്ലാസ്സിൽ ഉപയോഗിക്കാവുന്നവ എന്നിങ്ങനെ ലിസ്റ്റ് തയ്യാറാക്കൽ<br>10. ഗണിതമൂല ക്രമീകരിക്കാൻ ആവശ്യമായ ക്രമീകരണം<br>11. ഒന്നുമുതൽ നാലുവരെ ക്ലാസ്സിലെ ചെറുതും വലുതുമായ പരീക്ഷണങ്ങൾ ചെയ്ത് പരിശീലിക്കൽ<br>12. ഇന്റർനെറ്റ് ഉപയോഗിച്ചുള്ള ക്ലാസ്സുകൾ |

Scanned with OKEN Scanner

**പ്രതീക്ഷിത നേട്ടങ്ങൾ (കുട്ടികളുടെ അക്കാദമിക മികവിന് ഊന്നൽ**

- ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു
- 'സ്കൂൾ സമൂഹത്തിൽ' എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.
- വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു
- വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു.

Scanned with OKEN Scanner

## ഉപസംഹാരം

വിദ്യാലയത്തിന്റെ നിലവിലുള്ള അവസ്ഥയെക്കുറിച്ചും ഇതൊരു മാതൃകാവിദ്യാലയമാക്കുന്നതിന് ആവശ്യമായ അക്കാദമികവും,ഭൗതികവും,സാമൂഹികവും, ആയ പ്രവർത്തനങ്ങളെക്കുറിച്ച് ഇതിൽ പ്രതിപാദിച്ചുകഴിഞ്ഞു. ഇനി നാം ഉദ്ദേശിച്ച ലക്ഷ്യത്തിലേക്ക് എത്തിച്ചേരുന്നതിന് എല്ലാ വ്യക്തികൾ,പൂർവ്വവിദ്യാർഥികൾ,സാമൂഹ്യ-സാംസ്കാരിക സംഘടനകൾ,തദ്ദേശ സ്ഥാപനങ്ങൾ,സർക്കാർ എന്നീ മേഖലകളിൽ നിന്നും ആവശ്യമായ സഹകരണങ്ങൾ നേടിക്കൊണ്ടും കൂട്ടായ പ്രവർത്തനങ്ങളിലൂടെ ഏഴാച്ചേരി ഗ്രാമത്തിന്റെ വിജ്ഞാനകേന്ദ്രമായ ഈ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റാനുള്ള യജ്ഞത്തിൽ നമുക്കും പങ്കാളികളാവാം.

Scanned with OKEN Scanner